# ആമുഖം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികൾ എല്ലാം ഇവിടെ എത്തിച്ചേരുകയും ചെയ്യുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം. ഇത് സാധിക്കണമെങ്കിൽ വിദ്യാലയത്തെ ഭൗതികമായും അക്കാദമികമായും ഉന്നതിയിൽ എത്തിക്കേണ്ടതുണ്ട്. ഇവിടെ സാമൂഹികമായ ഇടപെടലുകൾ അനിവാര്യമായി വരുന്നു. ഈ ലക്ഷ്യത്തിലെത്തിക്കാൻ PTA, MPTA, OSA ,SPG ജനപ്രതിനിധികൾ ക്ലബ്ബുകൾ, വായനശാലകൾ, സഹകരണപ്രസ്ഥാനങ്ങൾ, രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ, സാംസ്കാരികനായകർ, വ്യക്തികൾ എന്നിവരെല്ലാം ഉൾപ്പെടുന്ന ഒരു വിദ്യാലയ വികസനസമിതി രൂപീകരിച്ചുകൊണ്ട് ഈ യജ്ഞം മുന്നോട്ട് പോവുകയാണ്. അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ട് ഞങ്ങൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയാണ്. വിദ്യാലയത്തിന്റെ സമഗ്രഗുണമേന്മ ലക്ഷ്യമിട്ടുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമം തുടർന്നു കൊണ്ടിരിക്കുന്നു.

## ലക്ഷ്യങ്ങൾ

അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുക. ഭാവിയിലെ ഉത്തമ പൗരന്മാരെ വാർത്തെടുക്കുക, വിദ്യാലയ വികസനസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുക, വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക, കാലോചിതമായ വികസനം സാധ്യമാക്കുക, ഇവയെല്ലാം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഭാഷാശേഷി വർദ്ധിപ്പിക്കുന്ന പദ്ധതികൾ ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഈ മൂന്ന് ഭാഷകളും എഴുതുവാനും വായിക്കുവാനും സംസാരിക്കുന്നതിനും ഉള്ള കഴിവുകൾ പ്രാപ്തമാക്കുക.
2. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
3. ചതുഷ് ക്രിയകൾ ഉറപ്പുവരുത്തുക. ഗണിത, ശാസ്ത്ര അവബോധം ഉറപ്പാക്കുക.
4. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർ ദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

ഈ വിദ്യാലയം സ്ഥാപിക്കപ്പെടുന്നതിനു മുമ്പ് വാക വടക്കുംമുറിയിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുക ളുള്ള ഒരു എലിമെന്ററി സ്കൂൾ പ്രവർത്തിച്ചിരുന്നു. ഈ സ്കൂളിലെ പഠന ത്തോടുകൂടി മിക്ക കുട്ടികളും പഠനം അവസാനിപ്പിച്ചിരുന്നു.അപൂർവ്വം കുട്ടി കളാണ് മറ്റം, എളവള്ളി സ്കൂളുകളിൽ പോയി പഠിച്ചിരുന്നത്. 1935-ൽ ഉള്ളനാട്ട് ഗോപാലപണിക്കർ വക തെക്കുമുറിയിൽ ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ ഒരു സ്കൂൾ സ്ഥാപിച്ചു. കാലക്രമത്തിൽ വടക്കും മുറിയിലെ സ്കൂൾ നിർത്തി വെച്ചു. തുടക്കത്തിൽ 4 വരെ മാത്രം ഉണ്ടായിരുന്ന ഈ സ്കൂൾ 7 വരെ ക്ലാസ്സാക്കി ഉയർത്തി. ഈ സ്കൂളിൽ ഫീസ് കൊടുക്കാതെയാണ് കുട്ടി കൾ പഠിച്ചിരുന്നത്. ഹിന്ദു എലിമെന്ററി സ്കൂൾ, മാലതി യു.പി. സ്കൂൾ എന്ന പേരിലാണ് ഇന്ന് നിലനിൽക്കുന്നത്. ഗോപാലപണിക്കരുടെ അകാലത്തിൽ മരണമടഞ്ഞ മകളുടെ പേരാണ് സ്കൂളിന് നൽകിയിരിക്കുന്നത്. ഗോപാലപ ണിക്കരിൽ നിന്നും അയ്യപ്പൻ മാസ്റ്റർ ഈ സ്കൂൾ ഏറ്റെടുത്തു. ഈ സ്കൂളിന്റെ തന്നെയല്ല വാകയുടെ പുരോഗതിയുടെ മുക്കാൽ പങ്കും അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമവും ബുദ്ധിവൈഭവവും വഴിയായിരുന്നു.

1950 – കളിൽ സ്കൂൾ കെട്ടിടം റോഡിന്റെ കിഴക്കുവശത്ത് മാത്രം ഒതുങ്ങി നിന്നിരുന്നു. 1972-ൽ മറുഭാഗത്ത് രണ്ടു ക്ലാസ്സുകളുള്ള ഒരു കെട്ടിടം ഉണ്ടാക്കി. പിന്നീട് 1980-കളിൽ L ആകൃതിയിലുള്ള ഒരു കെട്ടിടം കൂടി പടിഞ്ഞാറ് വശത്ത് നിർമ്മിച്ചു. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളാണ് ഇവിടെയുള്ളത്.

ഈ വിദ്യാലയത്തിന്റെ സ്ഥാപകനായ ഗോപാലപണിക്കരിൽ നിന്നും അയ്യപ്പൻ മാസ്റ്റർ ഏറ്റെടുത്ത ഈ വിദ്യാലയം അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ചുമതലയിൽ എത്തി നിൽക്കയാണ്. മാസ്റ്ററുടെ മൂത്ത പുത്രി ശ്രീമതി.കെ.എ. വാസന്തിയാണ് ഇപ്പോഴത്തെ മാനേജർ.

1950-ൽ ആണ് എളവള്ളി സർവ്വീസ് സഹകരണസംഘത്തിന്റെ ബ്രാഞ്ച് ആയ വാക സൊസൈറ്റി രൂപം കൊണ്ടത്. അയ്യപ്പൻ മാസ്റ്റർ സൗജന്യമായി കൊടുത്ത സ്ഥലത്താണ് അദ്ദേഹത്തിന്റെ പരിശ്രമഫലമായി എളവള്ളി സർവ്വീസ് സഹകരണ ബാങ്ക് പണിതത്. മാസ്റ്റർ പഞ്ചായത്ത് മെമ്പറായി സേവനമനുഷ്ഠിച്ചിരുന്ന കാലത്താണ് കോക്കൂർ വാക റോഡിനെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ചത്. വാകയിൽ നിലവിൽ വന്ന ഹെൽത്ത്സെന്ററും മാഷ് സ്ഥലം സൗജന്യമായി നൽകിയതിനാൽ വന്നുചേർന്നതാണ്. റേഷൻ പീടികയും മാഷുടെ പരിശ്രമ ഫലമാണ്. വാകയുടെ ചരിത്രത്തിന്റെ മറ്റൊരദ്ധ്യായമാണ് അയ്യപ്പൻ മാസ്റ്റർ സ്മാരക വായനശാല. ഈ വായനശാല ഇപ്പോൾ നവീകരിച്ച് കമ്മ്യൂണിറ്റി ഹാളും, വലിയ റീഡിങ് റൂമുകളുമുള്ള വലിയ ഇരുനില കെട്ടിടമായി മാറ്റിയിട്ടുണ്ട്. ഈ ലൈബ്രറിയുടെ നവീകരണത്തിൽ കെ.കെ. സുധാകരൻ മാസ്റ്ററുടെ പങ്ക് ശ്രദ്ധേയമാണ്. 1970-ൽ മൺമറയുന്നതുവരെ അയ്യപ്പൻ മാസ്റ്റർ എന്ന മഹത് വ്യക്തി വാകയുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു.

ധാരാളം കുട്ടികളുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വളരെ പ്രശസ്തരും സമ്പന്നരും, വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവരുമായ ഒരു പൂർവ്വ വിദ്യാർത്ഥി സമൂഹം ഞങ്ങൾക്കുണ്ട്. ഫിലിം അക്കാദമി ചെയർമാനായിരുന്ന കെ.ആർ.മോഹനൻ, ഡോ.കെ.കെ.രാമചന്ദ്രൻ, ഗണിതശാസ്ത്രപ്രതിഭ ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ട്, യു.എസിൽ ജോലി ചെയ്യുന്ന മനോജ് പുറവൂർ, പ്രശസ്ത വ്യവസായി തൊമ്മിൽ ബാലൻ തുടങ്ങിയവർ ഏറെയുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥിക്ക് ഇംഗ്ലീഷ് വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് ഈ വിദ്യാലയങ്ങളിലേക്കുള്ള ഒഴുക്ക് ഈ വിദ്യാലയത്തിന്റെ ഭാവിയെ ബാധിക്കുന്നു.

## മികവിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം - ഭാഷാ പോഷണം
* ഇംഗ്ലീഷ് പഠനം - Learn English, speak English
* ചതുഷ്ക്രിയകൾ
* ഹിന്ദി പഠനം
* ശാസ്ത്രത്തിന്റെ നേട്ടങ്ങൾ
* ഗണിതം മധുരം
* ലോകം വിരൽത്തുമ്പിൽ ICT
* പച്ചക്കറിത്തോട്ടം
* ചുറ്റുമതിൽ
* ജൈവ വൈവിധ്യ ഉദ്യാനം
* ലൈബ്രറി നവീകരണം
* അടുക്കള, ഡൈനിങ്ങ് ഹാൾ നിർമ്മാണം
* യൂറിനലും ടോയ്‌ലറ്റുകളും നിർമ്മാണം
* ചുറ്റുമതിൽ

## അക്കാദമിക അവസ്ഥാ വിശകലനം

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | ആഴ്ചതോറും എല്ലാ അധ്യാപകരും പങ്കെടുത്ത് കഴിഞ്ഞ ആഴ്ചയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത ആഴ്ചയിലെ ആസൂത്രണം. |
| PTA | വർഷത്തിലൊരിക്കൽ ജനറൽ ബോഡി വിളിച്ച് എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കൽ മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് മീറ്റിങ്ങ് നടത്തുകയും ചെയ്യുന്നു. എല്ലാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യം സാമ്പത്തിക സഹായം. |
| MPTA | സജീവ പങ്കാളിത്തം ഉച്ചഭക്ഷണ പരിപാടിയിൽ സഹകരണം ശുചിത്വ കാര്യങ്ങളിൽ സഹകരണം അധ്യാപകരോടൊപ്പം അമ്മമാരുടെ സഹകരണം. |
| സ്കൂൾ വികസന സമിതി | സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ കുട്ടികളുടെ എണ്ണം ഉയർത്താനുള്ള പദ്ധതികൾ ഗൃഹസന്ദർശനം, സ്കൂൾ മതിൽ ആകർഷകമാക്കൽ. |
| ജാഗ്രതാ സമിതി | ലഹരി വിരുദ്ധ ക്ലബ്ബ്, സുരക്ഷ, അച്ചടക്കം |
| ലൈബ്രറി മലയാളം, ഇംഗ്ലീഷ്, ഹിന്ദി | പുസ്തകങ്ങൾ നല്കുകയും വായനാകുറിപ്പ് തയ്യാറാക്കൽ, ഇരുന്ന് വായിക്കാനുള്ള സൗകര്യം, പത്രങ്ങൾ, ആനുകാലികങ്ങൾ. |
| ക്ലബ്ബ് പ്രവർത്തനങ്ങൾ, സയൻസ് ക്ലബ്ബ്, SS Club. Maths Club, കാർഷിക ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് | കൺവീനർമാർ ഉണ്ട്, ഗണിതദിനം, മറ്റു ദിനാചരണങ്ങൾ, ക്വിസ്, ശാസ്ത്ര പരീക്ഷണം, അവതരണങ്ങൾ, കൃഷി, വിളവെടുപ്പ്, കർഷക ദിനം, ജൈവ വൈവിധ്യ ഉദ്യാനം, മേളകളിൽ പങ്കെടുക്കൽ. |

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| ദിനാചരണങ്ങൾ | പ്രത്യേകതയുള്ള എല്ലാ ദിവസങ്ങളും ഉചിതമായി ആചരിക്കുന്നു. ഡോക്യുമെന്റ് ചെയ്യുന്നു |
| Grammer and Spoken English Classes | Spoken English Classes |
| ക ല ാ ക ാ യ ി ക പ്രവൃത്തി പരിചയം | സ്കൂൾ തലമേളകൾ, സബ്ബ് ജില്ലാതല മേളയ്ക്കായി പരിശീലനം |
| പഠനോപകരണ നിർമ്മാണം | നിർമ്മിക്കുന്നു, ശേഖരിക്കുന്നു, പ്രദർശിപ്പിക്കുന്നു |
| പഠനയാത്ര, Field trip | കൃഷിസ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ, ലൈബ്രറി, വനം, കടൽ |
| ക്ലാസ്സ് പി. ടി. എ. | രക്ഷിതാക്കൾ, പഠനസ്ഥിതിയും കൂടുതൽ വിവരങ്ങൾ അറിയുന്നു. |
| പ്രതിമാസ കലണ്ടർ | പ്രതിമാസ കലണ്ടർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. |
| H.M. മോണിറ്ററിങ്ങ് | H.M. വിലയിരുത്തുന്നു |

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം ഒരുക്കുന്നു
- രചനോത്സവം ഒരുക്കുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ സ്വീകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി മൂല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റയക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സുതല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ
🌿🌿🌿🌿🌿🌿

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം
🌿🌿🌿🌿🌿

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്കകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം
🐾🐾🐾🐾🐾🐾🐾🐾

🍀 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ ജൂൺ ✨

🍀 ചിത്രക്കാർഡുകൾ നൽകൽ ചിത്രവും പദവും ഉൾക്കൊണ്ട്)
🍀 ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
. 🍀 വായനാ സാമഗ്രികൾ നിർമിക്കൽ
🍀 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ ✨

🍀 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
🍀 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ,
- വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

അക്കാദമിക മാസ്റ്റർ പ്ലാൻ
ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
- 1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... ഇടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction

Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

# ആമുഖം

Class IV

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക പഠന വിടവുകൾ നികത്തുക, എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തമുറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

മലയാളം: Std. - IV

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

Std IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

Std IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (എണ്ണിയും ചാടിയും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചാർട്ട് | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചാർട്ടുകൾ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

Std IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

4. അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

Std IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

5. അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കണം. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

Std IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരകാർഡ് നിർമ്മാണം, കൈയെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

## ആമുഖം

അറിവിന്റെ സൈദ്ധാന്തിക തലം ജീവിതത്തിൽ പ്രയോഗിക്കുമ്പോൾ ആണ് വ്യക്തി സമ്പൂർണ്ണ വികാസം പ്രാപിച്ചു എന്ന് പറയുന്നത്. അതിലേക്ക് കുട്ടിയെ നയിക്കേണ്ടത് നമ്മുടെ വിദ്യാലയങ്ങളിലെ ശാസ്ത്ര ക്ലാസ് മുറികളാണ്. വിവിധ ഉപാധികളിലൂടെ പ്രതിനിധീകരിക്കാനും വിനിമയം ചെയ്യാനും കഴിയുമ്പോൾ മാത്രമേ പ്രായോഗിക ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിനും കഴിയുകയുള്ളൂ.

ആധുനിക സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ് റൂമിൽ ലഭ്യമാക്കാൻ എല്ലാ ക്ലാസ് മുറികളും ഹൈടെക് മുറികൾ ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകണം. പാഠപുസ്തകങ്ങളിൽ ഊന്നിയ പഠന പ്രവർത്തനത്തെ ശ്രേഷ്ഠമായ ഒന്നായി കാണുന്നില്ല ശാസ്ത്ര പഠനത്തിൽ കുട്ടിക്കുള്ള താല്പര്യം മനോഭാവം സർഗാത്മകഥ എന്നിവ വർദ്ധിപ്പിക്കുന്നതിനും ഇടയാകുന്നു. മികച്ച ശാസ്ത്ര അന്തരീക്ഷം പ്രദാനം ചെയ്യുന്ന വിദ്യാലയം കുട്ടികളിൽ അത്ഭുതകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

### ലക്ഷ്യം

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

* ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

* ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.

* ചുറ്റുപാടുകളെ ശാസ്ത്രീയമായും വ്യാഖ്യാനിക്കൽ,നിരന്തര അന്വേഷണം, വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരൽ, കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.

## മേഖല - യുപി അടിസ്ഥാന ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **പ്രകൃതിയിലേക്ക്**<br>• ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ.<br>• വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തുക. പാടം പുഴ എന്നിവ അറിയാനുള്ള യാത്രകൾ സംഘടിപ്പിക്കുക.<br>**പരീക്ഷണ കളരി**<br>• നിത്യജീവിതത്തിൽ പരിചിതമായ | അക്കാദമിക വർഷം<br>ജൂലൈ<br>ജൂൺ മുതൽ | പി.ടി.എ. ശാസ്ത്ര ക്ലബ്ബ്<br>രക്ഷിതാക്കൾ, ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ/ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. ശാസ്ത്രകിറ്റുകൾ നിർമ്മിക്കുന്നു.ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |
| 2. | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | സൈൻഷ്യ<br>• കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സ് ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വായന മുറി.<br>• സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുക | ജൂൺ മുതൽ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ /പി.ടി.എ<br>ശാസ്ത്ര ക്ലബ്ബ് / ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | | • വിവിധ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന ശാസ്ത്രവിവരങ്ങൾ ശേഖരിക്കുന്നു.<br>• പരിസ്ഥിതി - ശാസ്ത്രവിഷയുമായി ബന്ധപ്പെട്ട സെമിനാറുകൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ | അധ്യാപകർ<br>ശാസ്ത്ര ക്ലബ്ബ് | |
| 3. | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4. | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കുക. | ഇലക്ട്രോണിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പിടിഎ |

## മലയാളം - ഭാഷാപഠനം

### ആമുഖം

മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം ഏറെ വേദികളിൽ ചർച്ച ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാലയങ്ങളിൽ ഇപ്പോഴും മാതൃഭാഷാപഠനത്തിന് അർഹിക്കുന്ന പ്രാധാന്യം നല്കിയിട്ടില്ല. മാതൃഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ഭാഷാപ്രാവീണ്യം ഉണ്ടാകേണ്ടതുണ്ട്. കുട്ടികളുടെ ശ്രദ്ധ ആകർഷിക്കൽ, കാവ്യാന്തരീക്ഷം സൃഷ്ടിക്കൽ, ഉചിതമായ ചോദ്യങ്ങളിലൂടെ ചിന്ത ഉദ്ദീപിപ്പിക്കൽ, പ്രത്യേക പ്രയോഗവിശേഷങ്ങളുടെ വിശദീകരണം നല്കൽ, കൃത്യതയുള്ള നിർദ്ദേശം നല്കൽ എന്നിങ്ങനെയുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ സജീവമാക്കണം.

വിദ്യാർത്ഥികളോടും സമൂഹത്തോടും ആരോഗ്യകരമായ ബന്ധം സ്ഥാപിക്കണം. കുട്ടികളിൽ ഭാഷാഭിരുചി വളർത്തുന്നതിനും പ്രതിഫലനാത്മക ചിന്തയിലൂടെ പഠനം മുന്നോട്ട് കൊണ്ടുപോകുന്ന ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആസൂത്രണം ചെയ്യാവുന്നതാണ്. കുട്ടികളിൽ സർഗ്ഗാത്മക ശേഷി വളർത്തുന്നതിനും സാഹിത്യത്തിൽ പ്രാധാന്യം നല്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തണം.

## അക്കാദമിക പ്ലാൻ - **Short Term - Malayalam** · U.P

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ | 1. Pre-test (2-6-17) | 3 months<br>July | പുസ്തകങ്ങൾ | BRC |
| | പിന്നാക്കാവസ്ഥ | 2. അക്ഷരം ഉറപ്പിക്കൽ | Aug-Sept | | DIET |
| | പരിഹരിക്കൽ | 3. അടയാളം ഉറപ്പിക്കൽ | | | SCERT |
| | (മലയാളത്തിളക്കം) | 4. അക്ഷരകാർഡ് നൽകൽ | | C.D | P.T.A |
| | | 5. വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6. വാക്കുകൾ നിർമ്മിക്കുക | | | |
| | | 7. വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 8. ചിത്രം - അടിക്കുറിപ്പ് | | | |
| | | 9. ചിത്രം - കഥപറയൽ | | | |
| | | 10. ചിത്രം - കഥ എഴുതൽ | | | |
| | | 11. കഥ - ബാക്കി എഴുതൽ | | | |
| | | 12. കഥാപുസ്തകം നൽകൽ | | | |
| | | 13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | |
| | | 14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC<br>IED<br>Trainer<br>P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ (UP വായന<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months<br>June to December | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

4. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. <u>ചിത്രം - അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. <u>കഥ - ബാക്കി പറയൽ - എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

7. <u>കഥാപുസ്തകം - നൽകൽ</u>

വായന, കുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു, ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. <u>സ്കൂൾ ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം. (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. <u>പത്രവായന</u>

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം - വായനാക്കുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല

17. <u>പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ</u>

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. <u>വായനാക്കുറിപ്പ്</u>

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. <u>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം</u>

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. <u>ക്ലാസ്, സ്കൂൾ ബാലസഭകൾ</u>

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. <u>ആകാശവാണി ക്ലബ്ബ്</u>

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. <u>സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. <u>വായനാസാമഗ്രികൾ വികസിപ്പിക്കൽ</u>

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

26. <u>ഇ-വായന - സാധ്യത കണ്ടെത്തൽ</u>

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ.

27. <u>വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്</u>

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

28. <u>കാവ്യകൂട്ടം</u>

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ)

29. <u>എഴുത്തുകൂട്ട രൂപീകരണം</u>

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. <u>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം</u>

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. <u>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ</u>

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. <u>ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്</u>

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

33. <u>വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ</u>

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം.

34. <u>പൊതുവേദിയിലെ പ്രകടനങ്ങൾ</u>

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. <u>വ്യക്തിഗത രചന, സംഘരചന</u>

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

36. <u>ഭാഷാ പ്രോജക്ടുകൾ</u>

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്.

38. <u>ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കാൻ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

39. <u>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

## ഇംഗ്ലീഷ് - ഭാഷാപഠനം

### ആമുഖം

ഇംഗ്ലീഷിനോടുള്ള ആഭിമുഖ്യം വർദ്ധിച്ചുവരുന്ന സന്ദർഭമാണല്ലോ ഇന്ന്. കേരളത്തിൽ ഒന്നാം ക്ലാസ്സിൽനിന്നുതന്നെ ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നു ണ്ടെങ്കിലും കുട്ടികളുടെ ഇംഗ്ലീഷിലെ പ്രകടനനിലവാരം മികച്ച രീതിയിൽ എത്തുന്നില്ല.

ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിൽ കേരളത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ പിന്നോക്കം നില്ക്കുന്നു. ഇതു മറികടക്കുന്ന തിനായി ശ്രവണത്തിലും ഭാഷണത്തിനും ഉള്ള അവസരങ്ങൾ കൂടുതലായി ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഇംഗ്ലീഷിന്റെ നിലവാരം ഉയർത്തു വാൻ നമ്മുടെ വിദ്യാലയത്തിൽ ലളിതവും ഭയരഹിതവുമായ ബോധപൂർവ്വ മുള്ള പ്രവർത്തനങ്ങളിൽ മുഴുകേണ്ടതാണ്.

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം**

**പ്രവർത്തനത്തിന്റെ പേര് : LEARN ENGLISH, SPEAK ENGLISH**

**ലക്ഷ്യങ്ങൾ :-**

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായ രീതിയിൽ എഴുതാൻ, വായിക്കാൻ, സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ.
* കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാ മത്സരങ്ങൾ.
* പ്രാദേശിക വിഭവങ്ങളെ ഇംഗ്ലീഷ് ഭാഷയിലൂടെ കൈകാര്യം ചെയ്യൽ.
* കുട്ടികളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിന്.
* ഇംഗ്ലീഷ് ഭാഷ പൊതു സമൂഹവുമായി പങ്കുവെക്കൽ.

## പ്രവർത്തനങ്ങൾ

**1. പഠന നില കണ്ടെത്തൽ**

ഓരോ ക്ലാസിലേയും പഠനനിലവാരം കണ്ടെത്തുന്നതിനായി അനുയോജ്യമായ പ്രീടെസ്റ്റുകൾ തയ്യാറാക്കുന്നു, നടത്തുന്നു കുറവുകൾ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നു.

**2. പരിമിതികൾ പരിഹരിക്കൽ**

പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയൽ, സംഭാഷണം, പദനിർമ്മാണം, വാക്യ രൂപീകരണം, വിവരണം, കുറിപ്പ്, സ്റ്റോറി, ഡയറി തയ്യാറാക്കൽ എന്നിവയിലുള്ള കുറവുകൾ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തി പരിഹരിക്കുന്നു.

**3. മികച്ച വായനാ മത്സരങ്ങൾ നടത്തൽ**

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ്മുറികളിൽ വായനാമത്സരം എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കി നടത്തൽ. ഇതിനായി അതത് ക്ലാസിലെ അധ്യാപകർ വായനാ സാധ്യതയുടെ ഭാഗങ്ങൾ കണ്ടെത്തൽ ലഘു വായനാക്കുറിപ്പുകൾ, പുസ്തകങ്ങൾ, പത്രം എന്നിവ വായിപ്പിക്കൽ മികവുകൾ, പോരായ്മകൾ എന്നിവ എസ്. ആർ. ജി. യിൽ ചർച്ച ചെയ്യൽ. പരിഹാരത്തിനും മെച്ചപ്പെട്ട വായന ഒരുക്കുന്നതിനും ക്ലാസ് റൂം പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യൽ.

**4. മികച്ചരീതിയിൽ എഴുതാൻ പ്രാപ്തരാക്കുന്നതിന്**

ക്ലാസ്സടിസ്ഥാനത്തിൽ കുട്ടികളുടേതായ രചനകൾ കണ്ടെത്തി അവയുടെ മികവുകളും പോരായ്മകളും എസ്. ആർ. ജി. യിൽ ചർച്ച ചെയ്യൽ. ചർച്ചക

Downloaded from ...

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

# ഗണിതശാസ്ത്രം - ...

## ആമുഖം

നിത്യജീവിതത്തിൽ വളരെയധികം ഉപയോഗപ്പെടുത്തുന്ന ഒന്നാണ് ഗണിതം. ഗണിതം ഉപയോഗപ്പെടുത്താതെ ഒരുദിവസംപോലും കടന്നുപോകുന്നില്ല. കുട്ടികളുടെ നേരനുഭവങ്ങളുമായും പരിചിത സന്ദർഭങ്ങളുമായും ബന്ധപ്പെടുത്തുന്നത്, ചിന്തയുടെ ഗണിതവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ഗണിതം ആസ്വാദ്യകരമാക്കുകയും ചെയ്യുന്നു. ജീവിതത്തിൽ ഗണിതം ഉപയോഗപ്പെടുത്തുന്ന സന്ദർഭങ്ങൾ നേരിട്ടറിയുകയും അർത്ഥപൂർണ്ണമായ ഗണിതപഠനം സ്കൂളികളിൽ ഉറപ്പാക്കേണ്ടതുമാണ്. ഗണിതാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗണിതത്തെ ഭയരഹിതമായി സമീപിക്കുന്നതിനുമുള്ള അവസരം കുട്ടികൾക്ക് നല്കണം.

ഗണിതപഠനത്തിൽ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിന് രക്ഷിതാക്കളുടേയും അധ്യാപകരുടേയും സമൂഹത്തിന്റേയും ഒരു കൂട്ടായ്മ രൂപപ്പെടുത്തേണ്ടതുണ്ട്. കുട്ടികളിൽ അറിവു നിർമ്മാണത്തിനും പ്രയോഗത്തിനും അന്വേഷണപാടവം ഉണർത്തുന്നതിനും ഉള്ള അവസരം ഒരുക്കണം. അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും താത്പര്യം വളർത്തുകയും വേണം.

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കണം. പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരണങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കാനുള്ള അറിവുണ്ടാകണം. ക്ലാസ് മുറികൾ ഹൈടെക് മുറികളാക്കി മാറ്റേണ്ടതുണ്ട്.

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## ആമുഖം

നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിയെക്കുറിച്ച് കുട്ടികൾ കൂടുതലായി അറിയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ നടത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് എഴുതുവാനും വായിക്കുവാനുമുള്ള ശേഷി ഉണ്ടാവുകയും ചെയ്യുന്നു. കഥകൾ, ചെറുകഥകൾ, സംഭാഷണങ്ങൾ എന്നിവ ക്ലാസ്സ് മുറികളിൽ പ്രയോഗിക്കുന്നതിന്റെ ഫലമായി ഹിന്ദി ഭാഷയോടുള്ള ഭയം ഇല്ലാതാകുകയും താല്പര്യം വർദ്ധിക്കുകയും ചെയ്യുന്നു. പ്രതിജ്ഞ, പ്രാർത്ഥന, ചെറിയ ലേഖനങ്ങൾ, പോസ്റ്റുകൾ എന്നിവ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നു.

## വിഷയം - ഹിന്ദി

**പഠന ലക്ഷ്യം:**

V, VI, VII ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഹിന്ദി പഠനം സുഗമമാക്കുന്നതിനും ഭാഷയെ കുറിച്ചുള്ളതായ അറിവുകൾ നേടുന്നതിനും അവരെ പ്രാപ്തരാക്കുക. ഭാഷയുടെ ആവിർഭാവം, ഉദ്ദേശം, ആവശ്യകത എന്നിവയെപ്പറ്റി അവരെ ബോധവാന്മാരാക്കുന്നു. ലഘുവായ മാർഗ്ഗങ്ങളിലൂടെ പഠനം ആരംഭിച്ച് ഉന്നതിയിൽ എത്തിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കി കൊടുക്കുന്നു. ക്ലാസ്സിൽ സരളമായ വാക്കുകൾ പറയുകയും പറയിപ്പിക്കുകയും ചെയ്യുന്നു. പരസ്പരം സംഭാഷണത്തിനുള്ള വേദി ഒരുക്കി കൊടുക്കുന്നു.

HINDI

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
|---|---|---|
| * അക്ഷരമാല പഠന രീതി<br>* രണ്ട് അക്ഷരങ്ങൾ കൂട്ടിച്ചേർത്തു വാക്കുകൾ വായിക്കുന്നു, എഴുതുന്നു.<br>* ചിത്രവും പ്രകൃതിയുംവസ്തുക്കളും കാണിച്ചുകൊണ്ട് വാക്കുകൾ ഉറപ്പിച്ചു പറയുന്നു.<br>* ആകർഷകമായ ബാല ഗീതങ്ങൾ, കവിതകൾ ചൊല്ലാൻ പ്രാപ്തരാക്കുന്നു.<br>* സ്വരമാത്രകൾ, സ്വര ചിഹ്നങ്ങൾ എന്നിവയുടെ പരിശീലനം<br>Rs. 50,000/- | * ക്ലാസുകളിലെ ഒഴിവു സമയത്തും ഹിന്ദി പുസ്തകങ്ങൾ വായിക്കുന്നു.<br>* ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ളി, പ്രതിജ്ഞ, ദേശീയഗാനം എന്നിവ ആലപിക്കുന്നു.<br>* ക്ലാസിൽ ചെറിയ കവിത, കഥ എന്നിവ അവതരിപ്പിക്കുന്നു.<br>* ക്ലാസിൽ കൂടുതലായും ഹിന്ദിയിൽ മാത്രം സംസാരിക്കുവാൻ ശ്രമം നടത്തുന്നു.<br>Rs. 10,000/- | * ഹിന്ദിദിനം ആചരിക്കുന്നു. ഇത് ഏകദേശം രണ്ട് ആഴ്ചയോളം ഉള്ള പരിപാടിയായി മാറ്റുന്നു. ഇതിലൂടെ പത്രവാർത്ത, കവി പരിചയം, കഥാരചന, കവിതാ രചന, പോസ്റ്റ് രചന, സന്ദേശ വാക്യം, മഹത്ത് വചനങ്ങൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു.<br>* ഐ. സി. ടി. യുടെ സഹായത്തോടെ കഥ, കവിത, സംഭാഷണം എന്നിവ കേൾപ്പിക്കുന്നു.<br>Rs. 10,000/- |

## സാമ്പത്തിക സ്രോതസ്സുകൾ

സ്കൂളിൽ ഈ പ്രവർത്തനങ്ങൾ നടത്താൻവേണ്ട പ്രധാന സാമ്പത്തിക സ്രോതസ്സുകളാണ് പി.ടി.എ, എം. എൽ. എ, ഒ. എസ്. എ. ഈ സംഘടനയുടെ കൂട്ടായ പ്രവർത്തനങ്ങൾ സാമ്പത്തിക മേഖലയെ മെച്ചപ്പെടുത്താൻ ഉപകരിക്കും.

## വിഷയം – സാമൂഹ്യശാസ്ത്രം

**പഠന ലക്ഷ്യം :-**

മനുഷ്യന്റെ ആവിർഭാവം മുതൽ ആധുനിക കാലഘട്ടംവരെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലും നടന്ന സാമ്പത്തിക, സാംസ്കാരിക സാമൂഹിക രാഷ്ട്രീയ വളർച്ച മനസ്സിലാക്കുന്നതിന്.

- പ്രകൃതിയിലെ വൈവിധ്യങ്ങളെ ഉൾക്കൊണ്ട് പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാനും അത്തരം പ്രവർത്തനങ്ങളോട് അനുകൂല മനോഭാവം രൂപപ്പെടുത്താനും സാധ്യതയൊരുക്കുക.
- ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം, എന്നിവയിൽ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കികൊടുക്കുക.
- ഭൗമ സംരക്ഷണ ബോധവത്ക്കരണം
- തനത് കലാരൂപങ്ങളെക്കുറിച്ച് അറിവ് നേടാൻ.
- വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നല്കുന്ന പഠനപ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കുട്ടികളിൽ രൂപപ്പെടുന്നതിന്.

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
|---|---|---|
| * ഭൂപടം - സ്ഥലസ്ഥാന നിർണ്ണയം<br>* ആനുകാലിക പത്ര വാർത്തകൾ<br>* ചർച്ച | * സർവ്വെ<br>* പ്രൊജക്റ്റ്<br>* മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം<br>* പോസ്റ്റർ<br>* കൊളാഷ്<br>* സെമിനാറുകൾ | * വ്യവസായ യൂണിറ്റ് സന്ദർശനം<br>* സെമിനാർ അവതരിപ്പിക്കൽ<br>* കാർഷിക ഉപകരണങ്ങളുടെ ശേഖരം, ഉപയോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം.<br>* ചരിത്രകലാ ക്ഷേത്രങ്ങൾ |
| Rs. 10,000/- | Rs. 15,000/- | Rs. 10,000/- |

**സാമ്പത്തിക സ്രോതസ്സുകൾ**

സ്കൂളിൽ ഈ പ്രവർത്തനങ്ങൾ നടത്താൻവേണ്ട പ്രധാന സാമ്പത്തിക സ്രോതസ്സുകളാണ് പി.ടി.എ, എം. എൽ. എ, ഒ. എസ്. എ. ഈ സംഘടനയുടെ കൂട്ടായ പ്രവർത്തനങ്ങൾ സാമ്പത്തിക മേഖലയെ മെച്ചപ്പെടുത്താൻ ഉപകരിക്കും.

മേഖല : ഭൗതികം

ഉപമേഖല :

(1) ആധുനിക രീതിയിലുള്ള സ്റ്റോറും അടുക്കളയും, ഡൈനിങ്ങ് ഹാളും

(2) യൂറിനൽസ്, ടോയ്‌ലറ്റ്, ചുറ്റുമതിൽ

ലക്ഷ്യം :-

* പോഷകാഹാര വിതരണത്തിനാവശ്യമായ പാചകപ്പുര നിർമ്മിച്ച് ഒരേ സമയം ഭക്ഷണം കഴിക്കാനുള്ള വൃത്തിയും ആകർഷകവുമായ സൗകര്യം ഒരുക്കൽ.

(a) കാറ്റും വെളിച്ചവും കടക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള നിർമ്മിക്കൽ.

* ആധുനിക രീതിയിലുള്ള സ്റ്റോർമുറി നിർമ്മാണം.

* ഗ്ലാസ്സുകളും പ്ലെയ്റ്റുകളും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സൗകര്യം.

മാലക്കി യു.പി സ്കൂൾ വാകം.

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026. Skt

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പഠനോപകരണം | | |
|---|---|---|---|---|---|
| അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുന്നു. | സ്കൂൾതലവേദി പദസൂര്യൻ കളികൾ | ജൂൺ, ജൂലൈ | പുസ്തകങ്ങൾ കാർഡുകൾ തുടങ്ങിയവ. | | |
| വിദ്യാർത്ഥികൾ ഭാഷ വായിക്കാനും എഴുതുവാനുമുള്ള ശേഷി | ചുമർചിത്രം ഫ്ലാഷ്കാർഡ്. | ആഗസ്റ്റ് | ചിത്രകാർഡുകൾ വർണ്ണക്കടലാസുകൾ | | |
| കുട്ടിക്ക് ചുറ്റുമുള്ള വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | സംസ്കൃത ദിനാചരണം പോസ്റ്റർനിർമ്മാണം | സെപ്റ്റംബർ | ചാർട്ട് വസ്തുക്കളുടെ ചിത്രങ്ങൾ തുടങ്ങിയവ | | |
| സർഗാത്മക രചനകൾ വികസിപ്പിക്കുന്നു ആശയങ്ങൾ പറയിപ്പിക്കുന്നു | കഥ, കവിത സുഭാഷിതങ്ങൾ പരിചയപ്പെടുന്നു. | ഒക്ടോബർ | പുസ്തകങ്ങൾ | | |
| കുട്ടിയുടെ അറിവുകൾ സർഗാത്മകശേഷിയും പുറത്ത് വരുത്തുന്നു | മാഗസിൻ നിർമ്മാണം പരിശോധനാത്മകമായ പ്രക്രിയകൾ | നവംബർ ഡിസംബർ | ടെക്സ്റ്റ്ബുക്ക് | | |
| ആധുനിക സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നു | ICT യിലൂടെ ഭാഷ പഠനം അഭ്യസിപ്പിക്കാൻ ഉള്ള പ്രവർത്തനങ്ങൾ | ജനുവരി - ഫെബ്രുവരി | ICT. | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി اللغة العربية

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ [illegible] |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനും ഉള്ള കഴിവ് ആർജിക്കൽ. | അക്ഷരങ്ങളുടെ രൂപ വ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തി കൊണ്ടുവരും. അറബി അക്ഷര പഠന സഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ഐ.സി.ടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകളും ഉപയോഗിക്കും. | അധ്യയന വർഷാരംഭത്തിലെ മൂന്ന് മാസം. | പുസ്തകങ്ങൾ കാർഡുകൾ | എസ്.ആർ.ജി എസ്.എം.സി |

| | | | | |
|---|---|---|---|---|
| അറബിഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മാത്സര്യബോധത്തോടെ കുട്ടികൾ പങ്കാളിയാവുകയും ചെയ്യുന്നു. കൂടുതൽ വാക്കുകളും പദങ്ങളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | കഥാകവിതാ പുസ്തകങ്ങൾ. | എസ്. ആർ. ജി. എസ്. എം. സി. |

| | | | | |
|---|---|---|---|---|
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക. | പാഠപുസ്തകത്തിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങളും ലഭ്യമാകുന്ന മറ്റു പുസ്തകങ്ങളും. | എസ്.ആർ ജി. എസ്. എം. സി. |
| ഭാഷാ അഭിരുചിയും വായനാ താൽപര്യം പൊതു വിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ. | വായനാമത്സരം സംഘടിപ്പിക്കുന്നു പൊതു വിജ്ഞാനം അറബി ഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിൽ ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും. | ജൂൺ മുതൽ മാർച്ച് വരെ. | പാഠപുസ്തകങ്ങൾ സ്കൂൾ തലത്തിൽ ലഭ്യമാകുന്ന മാതൃകാ ചോദ്യങ്ങൾ | എസ് ആർ ജി. എസ് എം. സി. |

| | | | | |
|---|---|---|---|---|
| അറബി ഭാഷാ വിനിമയ ശേഷി വർധിപ്പിക്കൽ | അറബി ഉല്ലാസവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദനിർമാണ പദപ്പയറ്റ്, പദകേളി, അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനങ്ങളിലൂടെയുള്ള പ്രവർത്തന | ജൂൺ മുതൽ മാർച്ച് വരെ. | മാതൃകാ മത്സരസഹായികൾ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കും. | എസ്. ആർ. ജി. എസ്. എം. സി. |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മക ശേഷി വർധിപ്പിക്കൽ | ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യും. | ജൂൺ മുതൽ മാർച്ച് വരെ. | ചാർട്ടുകളുടെയും പ്ലക്കാർഡുകളുടെയും നിർമാണം. | എസ്. ആർ. ജി. എസ്. എം. സി. |
| അറബി ഭാഷാ പഠനത്തിൽ ഐ.ടി സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന്റെ തുടക്കം കുറിക്കൽ. | അറബിക് ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്റൂം, അറബിയിലുള്ള ബാല സാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം, അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തൽ. | ജൂൺ മുതൽ മാർച്ച് വരെ. | സ്കൂളിലെ ഐ.ടി സൗകര്യം ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തും. | എസ്. ആർ. ജി. എസ്. എം. സി. |

# ഉപസംഹാരം

മികവിന്റെ കേന്ദ്രങ്ങളാക്കി നമ്മുടെ വിദ്യാലയങ്ങളെ മാറ്റിയെടുക്കാനുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഞങ്ങളുടെ പ്രൊജക്റ്റുകളും ഉൾപ്പെടുന്നു. ഇതിന്റെ ഫലപ്രാപ്തി വളരെ നന്മയുള്ളതായിരിക്കും എന്ന പ്രതീക്ഷയോടെ ഈ അക്കാദമിക പ്ലാൻ സമർപ്പിക്കുന്നു.

**********